പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2987 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ ഓഫ് എക്സലൻസ് അവാർഡുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ഓഫ് എക്സലൻസ് അവാർഡുകൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: കേരളം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ വർഷം മുതൽ "ശ്രേഷ്ഠ വിദ്യാലയ പുരസ്കാരം" എന്ന പേരിൽ സ്കൂൾ പെർഫോമൻസ് അവാർഡ് നൽകി വരുന്നുണ്ട് .

(ബി) പ്രസ്തുത അവാർഡുകൾക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: ഗവൺമെന്റ്/എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളെയാണ് അവാർഡിനായി പരിഗണിക്കുന്നത്. പ്രൈമറി, സെക്കൻഡറി, ഹയർസെക്കൻഡറി എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾക്കായി അവാർഡുകൾ ഉണ്ടായിരിക്കും. എൽ പി സ്കൂൾ, യു പി സ്കൂൾ എന്നിവയെ പ്രൈമറി വിഭാഗത്തിലും ഹൈസ്കൂൾ, പ്രൈമറി അറ്റാച്ച്ഡ് ഹൈസ്കൂൾ, റ്റി.റ്റി.ഐ എന്നിവയെ സെക്കന്ററി വിഭാഗത്തിലും എച്ച് എസ് ഇ : വി എച്ച് എസ് ഇ എന്നിവയെ ഹയർസെക്കൻഡറി വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ ജില്ലാതലത്തിൽ പ്രൈമറി, സെക്കന്ററി, ഹയർസെക്കൻഡറി വിഭാഗങ്ങളിലെ ഒന്നാം സ്ഥാനങ്ങൾക്ക് 50,000/- രൂപ പാരിതോഷികം നൽകുന്നുണ്ട്. സംസ്ഥാന തലത്തിൽ പ്രൈമറി, സെക്കന്ററി, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ 3 സ്ഥാനങ്ങൾ നേടുന്ന സ്കൂളുകൾക്ക് താഴെ പറയുന്ന പ്രകാരം ക്യാഷ് അവാർഡ് നൽകുന്നുണ്ട്. ഒന്നാംസ്ഥാനം-5,00,000/-രൂപ രണ്ടാംസ്ഥാനം-3,00,000/-രൂപ മൂന്നാം സ്ഥാനം 1,00,000/- രൂപ

(സി) അക്കാദമിക മികവ്, വിദ്യാർത്ഥികളുടെ പഠനനിലവാരം, പഠനാനുബന്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അവാർഡ് നിർണയത്തിൽ പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: അക്കാദമിക മികവ്, വിദ്യാർത്ഥികളുടെ പഠനനിലവാരം, പഠനാനുബന്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അവാർഡ് നിർണയത്തിൽ പരിഗണിക്കുന്നുണ്ട്.

(ഡി) ഗ്രാമീണ മേഖലയിലെയും പിന്നാക്ക പ്രദേശങ്ങളിലെയും സർക്കാർ വിദ്യാലയങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: നിലവിൽ എല്ലാ മേഖലയിലെയും പ്രദേശങ്ങളിലെയും പ്രൈമറി, സെക്കൻഡറി, ഹയർസെക്കൻഡറി സ്കൂളുകളെ അവാർഡിനായി പരിഗണിക്കുന്നുണ്ട്.

(ഇ) അവാർഡുകൾ ലഭിക്കുന്ന വിദ്യാലയങ്ങളുടെ മികവുകൾ മറ്റ് പൊതുവിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: അവാർഡുകൾ ലഭിക്കുന്ന വിദ്യാലയങ്ങളുടെ മികവുകൾ മറ്റ് പൊതുവിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ